# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1835 15.07.2016-ലെ മറുപടിയ്ക്ക്

## പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.യു.ആർ. പ്രദീപ് | ശ്രീ.എ.കെ ബാലൻ (പട്ടികജാതി-പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) |
| എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ കഴിഞ്ഞ യു ഡി എഫ് സർക്കാരിന്റെ കാലത്ത് എത്ര പീഡനങ്ങളും, അതിക്രമങ്ങളും നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ; | (എ) പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെ കഴിഞ്ഞ യു.ഡി.എഫ് സർക്കാരിന്റെ കാലത്ത് പീഡനങ്ങളും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് 767 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| ബി) ഇതിൽ കൊലപാതകങ്ങൾ, സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങൾ, കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങൾ എന്നിവ പ്രത്യേകം വ്യക്തമാക്കാമോ ; | ബി) ഇതിൽ 7 കൊലപാതക കേസുകളും, 298 സ്ത്രീകൾക്കെതിരെയുള്ള പീഡന കേസുകളും, 104 കുട്ടികൾക്കെതിരെയുള്ള അതിക്രമ കേസുകളും ഉൾപ്പെടുന്നു. |
| സി) അതിക്രമങ്ങൾ ഇല്ലായ്മ ചെയ്യുന്നതിന് എന്തൊക്കെ കർശന നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ? | സി) പട്ടികജാതി പട്ടികവർഗ്ഗ (അതിക്രമങ്ങൾ തടയൽ നിയമം) ഫലപ്രദമായി നടപ്പാക്കുന്നതിന് വേണ്ടി എല്ലാ മാസവും ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ റിവ്യൂ മീറ്റിംഗ് നടത്തിവരുന്നു. പ്രസ്തുത മീറ്റിംഗിൽ അന്വേഷണാവസ്ഥയിലുള്ള കേസുകളുടെ പുരോഗതിവിലയിരുത്തുകയും കീഴുദ്യോഗസ്ഥർക്ക് വേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൂടാതെ മൂന്നു മാസം കൂടുമ്പോൾ ജില്ലാ പോലീസ് മേധാവികളുടെ അദ്ധ്യക്ഷതയിൽ മോണിറ്ററിംഗ് കമ്മിറ്റി മീറ്റിംഗ് നടത്തുകയും പ്രസ്തുത മീറ്റിംഗിൽ വിവിധ പട്ടികജാതി/ പട്ടികവർഗ്ഗ പ്രതിനിധികൾ, പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പിലെ ഉദ്യോഗസ്ഥർ, എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർ എന്നിവരും പങ്കെടുക്കുന്നു. |

ഇത് കൂടാതെ സർക്കിൾ തലത്തിൽ എല്ലാ മാസവും പട്ടികജാതി/ പട്ടികവർഗ്ഗ പ്രതിനിധികളെ ഉൾപ്പെടുത്തി പ്രത്യേക കമ്മിറ്റികൾ നടത്തുന്നു. ഈ മീറ്റിംഗിൽ പ്രതിനിധികൾ ഉന്നയിക്കുന്ന ആവശ്യങ്ങളിലും പരാതികളിലും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജില്ലാ പോലീസ് മേധാവികളും, ഡി.വൈ. എസ്.പി മാരും ജില്ലകളിലെ പട്ടികജാതി /പട്ടികവർഗ്ഗ കോളനികൾ സന്ദർശിക്കുകയും കുടിവെള്ള വിതരണം, ബോധവത്കരണ ക്ലാസുകൾ തുടങ്ങിയ പ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. ഇതിനുപുറമെ ജില്ലാ കളക്ടർമാരുടെ അദ്ധ്യക്ഷതയിൽ കൂടുന്ന അവലോകന യോഗങ്ങളിൽ കോടതികളിൽ തീർപ്പാക്കാനുള്ള കേസുകളെപ്പറ്റിയും പട്ടികജാതി / പട്ടികവർഗ്ഗ അതിക്രമങ്ങളുമായി ബന്ധപ്പെട്ട മറ്റ് പ്രധാനപ്പെട്ട വിവരങ്ങളും ചർച്ച ചെയ്യുകയും ആവശ്യമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്കെതിരെയുള്ള അതിക്രമങ്ങളുമായി ബന്ധപ്പെട്ടുള്ള പരാതികൾ കൈകാര്യം ചെയ്യുന്നതിന് സംസ്ഥാന പോലീസ് മേധാവിയുടെ നേരിട്ടുള്ള നിരീക്ഷണത്തിൽ ഒരു എസ്.പി യുടെ നേതൃത്വത്തിൽ പോലീസ് ആസ്ഥാനത്ത് ഒരു സെല്ല് രൂപീകരിച്ചിട്ടുണ്ട്. പോലീസ് വകുപ്പിന് കീഴിൽ വയനാട്, പാലക്കാട്, കാസർഗോഡ് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡ് (എസ്.എം.എസ്) പ്രവർത്തിക്കുന്നു പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമം1989, ചട്ടങ്ങൾ 1995 എന്നീ നിയമങ്ങളുടെ പ്രസക്ത ഭാഗങ്ങൾ ഉൾപ്പെടുത്തി മലയാള ഭാഷയിൽ കൈപുസ്തകം തയ്യാറാക്കി വകുപ്പ് വിതരണം ചെയ്യുന്നുണ്ട്.

Rashidas

**സെക്ഷൻ ഓഫീസർ**